## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3329

23.06.2014-ൽ
മറുപടിയ്ക്ക്

### മരണമടയുന്ന സൈനികരുടെ ആശ്രിതർക്കുള്ള സമാശ്വാസ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സേവന കാലയളവിൽ മരണപ്പെടുന്ന സൈനികരുടെ ആശ്രിതർക്ക് സമാശ്വാസ നിയമനം ലഭിക്കുന്നതിന് കാലതാമസം വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഇപ്രകാരം സമാശ്വാസ നിയമനം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും അവയിൽ നിയമനം നൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണെന്നും അറിയിക്കാമോ ; | (ബി) ആശ്രിതനിയമനം ലഭിക്കുന്നതിനുള്ള ആറ് അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. മേൽപ്പറഞ്ഞ ആറ് അപേക്ഷകർക്കും ജോലി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇവരെ നിയമിക്കാൻ ഒഴിവ് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്. |
| (സി) സേവന കാലയളവിൽ മരണമടയുന്ന അർദ്ധസൈനിക വിഭാഗത്തിൽപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നുണ്ടോ ;<br><br>(ഡി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ; | (സി) & (ഡി) മിലിട്ടറി അറ്റാച്ച്മെന്റ് കാലയളവിൽ മരണമടയുന്ന അർദ്ധസൈനികരുടെ കുടുംബങ്ങൾക്ക് സമാശ്വാസ നിയമന ആനുകൂല്യം നൽകുന്നുണ്ട്. അപ്രകാരമുള്ള ഒരപേക്ഷയും തീർപ്പ് കൽപ്പിക്കാൻ ശേഷിക്കുന്നില്ല. |

| | |
|---|---|
| (ഇ)അർദ്ധസൈനിക വിഭാഗത്തിൽ പെട്ടവരുടെ കുടുംബാംഗങ്ങളിൽ നിന്നും ഈ ആനുകൂല്യത്തിനു വേണ്ടിയുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കുമോ ? | (ഇ) നിലവിൽ ഒന്നും തന്നെയില്ല. |

**സെക്ഷൻ ഓഫീസർ**